**FY-336**

Reg. No. : ..................................

Name : ..................................

**FIRST YEAR HIGHER SECONDARY EXAMINATION, MARCH 2025**

Part – III

Time : 2½ Hours

**POLITICAL SCIENCE**

Cool-off time : 15 Minutes

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

1 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരമെഴുതുക.

1. താഴെ പറയുന്നവയിൽ മൗലിക അവകാശങ്ങളുടെ ഏറ്റവും മികച്ച വിവരണം ഏതാണ് ?
   (a) ഒരു വ്യക്തിക്ക് ഉണ്ടായിരിക്കേണ്ട എല്ലാ അവകാശങ്ങളും.
   (b) നിയമപ്രകാരം പൗരന്മാർക്ക് നൽകിയിരിക്കുന്ന എല്ലാ അവകാശങ്ങളും.
   (c) ഭരണഘടന നൽകുന്നതും സംരക്ഷിക്കപ്പെടുന്നതുമായ അവകാശങ്ങൾ.
   (d) ഒരിക്കലും നിയന്ത്രിക്കാൻ കഴിയാത്ത ഭരണഘടന നൽകുന്ന അവകാശങ്ങൾ. (1)

2. ചുവടെ ചേർത്തിരിക്കുന്നതിൽ ഏതിനാണ് പ്രത്യക്ഷ ജനാധിപത്യവുമായി ഏറെ ബന്ധമുള്ളത് ?
   (a) ഇന്ത്യൻ പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പ്
   (b) ഗ്രാമസഭ എടുക്കുന്ന തിരുമാനങ്ങൾ
   (c) ക്ലാസ് ലീഡറുടെ തെരഞ്ഞെടുപ്പ്
   (d) മാധ്യമങ്ങൾ നടത്തുന്ന അഭിപ്രായ വോട്ടെടുപ്പ് (1)

3. 'നിങ്ങൾ പറയുന്നത് ഞാൻ അംഗീകരിക്കുന്നില്ല, പക്ഷെ അത് പറയാനുള്ള നിങ്ങളുടെ അവകാശത്തെ ഞാൻ മരണം വരെ സംരക്ഷിക്കും'. വോൾട്ടയറുടെ പ്രസ്താവന ഏതുതരം സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നു.
   (a) ആവിഷ്കാര സ്വാതന്ത്ര്യം (b) സമത്വത്തിനുള്ള സ്വാതന്ത്ര്യം
   (c) വിശ്വാസത്തിനുള്ള സ്വാതന്ത്ര്യം (d) തൊഴിൽ സ്വാതന്ത്ര്യം (1)

4. ഒറ്റപ്പെട്ടത് കണ്ടെത്തുക.
   (രാഷ്ട്രപതി, പ്രധാനമന്ത്രി, ജില്ല കളക്ടർ, ഗവർണർ) (1)

5. ഇന്ത്യയിലെ ഇപ്പോഴത്തെ ചീഫ് ജസ്റ്റിസിന്റെ പേരെഴുതുക. (1)

6. 'അജ്ഞതയുടെ മൂടുപടം' എന്ന ആശയം ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ? (1)

7. ഭരണഘടനയുടെ 'അടിസ്ഥാന ഘടന' എന്ന ആശയം ഇന്ത്യൻ നീതിന്യായ വിഭാഗം മുന്നോട്ട് വച്ച കേസ് ഏത് ? (1)

8. രാഷ്ട്രീയ സിദ്ധാന്തത്തെക്കുറിച്ച് ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം ?
   (a) രാഷ്ട്രീയ സ്ഥാപനങ്ങളുടെ അടിസ്ഥാനമായ ആശയങ്ങൾ അത് ചർച്ചചെയ്യുന്നു.
   (b) വിവിധ മതങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിവരിക്കുന്നു.
   (c) സമത്വം, സ്വാതന്ത്ര്യം തുടങ്ങിയ ആശയങ്ങളുടെ അർത്ഥം അത് വിശദീകരിക്കുന്നു.
   (d) ഇത് രാഷ്ട്രീയ പാർട്ടികളുടെ പ്രകടനം പ്രവചിക്കുന്നു. (2)

9. ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകളിൽ നിന്ന് ഇന്ത്യൻ ഭരണഘടന ബ്രിട്ടീഷ് ഭരണഘടനയിൽ നിന്ന് കടം കൊണ്ട വ്യവസ്ഥകൾ തെരഞ്ഞെടുക്കുക.
   - നിർദ്ദേശക തത്വങ്ങൾ
   - പാർലമെന്ററി ഭരണസമ്പ്രദായം
   - മൗലിക അവകാശങ്ങൾ
   - നിയമവാഴ്ച
   - നിയമനിർമ്മാണ നടപടിക്രമങ്ങൾ
   - അവശിഷ്ടാധികാരങ്ങൾ എന്ന ആശയം (3)

10. A കോളത്തിനനുസരിച്ച് B, C കോളങ്ങൾ ചേരുംപടി ചേർക്കുക. **(4)**

| A | B | C |
|---|---|---|
| (i) സ്വാഭാവിക സമത്വം | സമ്പാദിക്കാനും ചിലവാക്കാനുമുള്ള തുല്യ സ്വാതന്ത്ര്യം | വോട്ട് രേഖപ്പെടുത്താനുള്ള അവകാശം |
| (ii) രാഷ്ട്രീയ സമത്വം | സ്വതന്ത്രമായും തുല്യമായും ജനിക്കുന്നു | പൊതുസ്ഥലങ്ങൾ എല്ലാപേർക്കുമായി നൽക്കുക |
| (iii) സാമുഹിക സമത്വം | തുല്യ സാമൂഹ്യ അവസ്ഥ | എല്ലാപേരോടും തുല്യത |
| (iv) സാമ്പത്തിക സമത്വം | അധികാരത്തിന്റെ മേഖലയിൽ തുല്യ അവസരം | തുല്യജോലിക്ക് തുല്യ വേതനം |

11. ചേരുംപടി ചേർക്കുക. **(4)**

| | |
|---|---|
| ദി റിപ്പബ്ലിക് | മഹാത്മാ ഗാന്ധി |
| രാമായണ റിറ്റോൾഡ് | ആങ് സാൻ സ്യൂകി |
| ഹിന്ദ് സ്വരാജ് | പ്ലാറ്റോ |
| ഭയത്തിൽ നിന്നുള്ള മോചനം | ഓബ്രി മേനോൻ |

**12 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം. (4 × 3 = 12)**

12. ഇന്ത്യയിൽ സ്വതന്ത്ര നീതിന്യായ വ്യവസ്ഥ ഉറപ്പുവരുത്തിയിരിക്കുന്നത് എങ്ങനെയാണെന്ന് ചുരുക്കി വിവരിക്കുക.

13. സമാധാനം സ്ഥാപിക്കുന്നതിനുള്ള ഏതെങ്കിലും മൂന്ന് സമീപനങ്ങൾ എഴുതുക.

14. രാഷ്ട്രീയ സിദ്ധാന്തം പഠിക്കുന്നതിന്റെ പ്രധാന്യത്തെക്കുറിച്ച് ചുരുക്കി വിവരിക്കുക.

15. മൂന്ന് വ്യത്യസ്ത മാർഗ്ഗങ്ങളിൽ ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യാൻ സാധിക്കും. ആ മൂന്ന് മാർഗ്ഗങ്ങൾ തിരിച്ചറിയുക.

16. "മറ്റൊരു വ്യക്തിയുടെ മൂക്ക് അരംഭിക്കുന്ന സ്ഥലത്ത് ഒരു വ്യക്തിയുടെ അവകാശം അവസാനിക്കുന്നു." സമർത്ഥിക്കുക.

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം. (4 × 4 = 16)**

17. ഒരു ഭരണഘടനയുടെ ഏതെങ്കിലും നാല് ധർമ്മങ്ങൾ ചുരുക്കി വിവരിക്കുക.

18. ഇന്ത്യൻ ഭരണഘടനയുടെ രണ്ട് രാഷ്ട്രീയ തത്വശാസ്ത്രങ്ങൾ ചുവടെ കൊടുക്കുന്നു. അവയെ വിശദീകരിക്കുക.
   (i) സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം
   (ii) വ്യക്തി സ്വാതന്ത്ര്യം

19. മൗലികാവകാശങ്ങളുടെ സംരക്ഷണത്തിനായി കോടതികൾ പുറപ്പെടുവിക്കുന്ന ഏതെങ്കിലും നാല് റിട്ടുകളെക്കുറിച്ച് ചുരുക്കി വിശദീകരിക്കുക.

20. വികസനത്തിന്റെ സാമൂഹിക ചിലവ്, പാരിസ്ഥിത ചിലവ് എന്നിവയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

21. നീതിയുടെ രണ്ട് തത്വങ്ങൾ ചുവടെ കൊടുക്കുന്നു. വിശദീകരിക്കുക.
   (i) തുല്ല്യർക്ക് തുല്ല്യ പരിഗണന
   (ii) ആനുപാതിക നീതി

**22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം. (4 × 5 = 20)**

22. 'ദേശീയത എന്നത് ഏകത്വത്തിന്റെ വികാരമാണ്'. ദേശീയതയെ പരിപോഷിപ്പിക്കുന്ന ഘടകങ്ങളെക്കുറിച്ച് ചെറു വിവരണം നൽക്കുക.

23. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മിഷന്റെ ചുമതലകളെകുറിച്ച് വിശദീകരിക്കുക.

24. ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥിതിയിൽ പ്രധാനമന്ത്രിയുടെ സ്ഥാനത്തെക്കുറിച്ച് വിശകലനം നടത്തുക.

25. സാർവ്വദേശീയ പൗരത്വം, അഗോള പൗരത്വം എന്നിവയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

26. 73-ാം ഭരണഘടനാ ഭേദഗതിയുടെ പ്രധാന സവിശേഷതകൾ വിശദീകരിക്കുക.

**27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 8 സ്കോർ വീതം. (2 × 8 = 16)**

27. പാർലമെന്റ് ഏതൊക്കെ തരത്തിലാണ് കാര്യനിർവ്വഹണ വിഭാഗത്തെ നിയന്ത്രിക്കുന്നതെന്ന് വിവരിക്കുക.

28. ഇന്ത്യൻ മതേതരത്വം കടുത്ത വിമർശനങ്ങൾക്ക് വിധേയമാണ്. ഇന്ത്യൻ മതേതരത്വത്തിനെതിരായി ഉയർന്നുവന്നിട്ടുള്ള ഏതെങ്കിലും നാല് വിമർശനങ്ങൾ വിശദീകരിക്കുക.

29. നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഫെഡറലിസത്തിലെ തർക്കമേഖലകളെക്കുറിച്ച് വിവരിക്കുക.
   - സ്വയംഭരണത്തിനുള്ള ആവശ്യം
   - ഗവർണർമാരുടെ പങ്ക്
   - പുതിയ സംസ്ഥാനങ്ങൾക്ക് വേണ്ടിയുള്ള ആവശ്യം
   - അന്തർ സംസ്ഥാന തർക്കങ്ങൾ